# കൽദായ സഭയിലെ ഐക്യം: മലങ്കര സഭയ്ക്ക് ഒരു മാതൃക

**ലെജു പി. തോമസ്, ഉളനാട്**

കൽദായ സഭയിലെ ഭിന്നതയ്ക്ക് മലങ്കരസഭയിലെ 1911ലെ ഭിന്നതയുമായി ഒട്ടേറെ സമാനതകളുണ്ട്. ഇരു സഭകളിലെയും ഭിന്നതയ്ക്ക് ആശയപരമായ ഒരു തലവും വ്യക്തിപരവുമായ ഒരു തലവും ഉണ്ടായിരുന്നു. ആ നിലയ്ക്ക് കൽദായ സഭയിലെ യോജിപ്പ് മലങ്കരസഭ മാതൃകയാക്കേണ്ടതാണ്. എന്നാൽ മാതൃകയാക്കുന്നില്ലെന്നു മാത്രമല്ല അതിനെ പറ്റി പഠിക്കുന്നതിനു പോലും ആരും തയ്യാറാകുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. പുതിയ തുടക്കത്തിനുള്ള പശ്ചാത്തലം നമുക്കു മുമ്പാകെയുണ്ടെന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

മാർ ഈശൈ ശിംഓൻ പാത്രിയർക്കീസും മാർ തോമ്മാ ധർമ്മോ മെത്രാപ്പോലീത്തായും തമ്മിലുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങൾ കൽദായ സഭയിലെ പിളർപ്പിന് കാരണമായിട്ടുണ്ട്. എന്നാൽ അവരുടെ കാലശേഷം ഈ വിഷയങ്ങൾ അവസാനിച്ചു. മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ പാത്രിയർക്കീസും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും തമ്മിലുണ്ടായ അഭിപ്രായ ഭിന്നതകൾ അവരുടെ കാലശേഷവും സജീവമായി നിലനിർത്തിയത് മലങ്കരസഭയിലെ ഐക്യത്തിനു തടസ്സമായി.

അസിറിയൻ സഭയിലെ പാത്രിയർക്കീസുമാരുടെ കുടുംബവാഴ്ച 1976ൽ അവസാനിച്ചു. ക്രൈസ്തവലോകം മുഴുവൻ ഗ്രിഗോറിയൻ കലണ്ടർ അംഗീകരിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജൂലിയൻ - ഗ്രിഗോറിയൻ കലണ്ടർ വിവാദത്തിനു പ്രസക്തിയില്ലാതായി. ഭിന്നിപ്പിന്റെ ആശയപരമായ കാരണങ്ങൾ കാലഹരണപ്പെട്ടത് കൽദായ സഭയിലെ ഐക്യത്തിനു വേഗത കൂട്ടി.

മലങ്കരസഭയിൽ ഒരു നൂറ്റാണ്ടു മുമ്പുണ്ടായ പിളർപ്പിനു കാരണമായി പറയുന്നത് മാർ അബ്ദള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതും മാർ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് മലങ്കരസഭയിൽ പൗരസ്ത്യ കാതോലിക്കേറ്റ് (പുനഃ) സ്ഥാപിച്ചതുമാണല്ലോ. മെത്രാൻ കക്ഷി 1934ൽ ഭരണഘടന പാസ്സാക്കിയതും ഒരു കാരണമായി പറയാറുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് 1928ലെ തിരുവിതാംകൂർ ഹൈക്കോടതി വിധിയോടെ അപ്രസക്തമായി. പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ 1923ലും 1931ലും വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് പിൻവലിച്ചതോടെ ആ പ്രശ്നം അവസാനിച്ചതാണ്.

1958ലെ സുപ്രിം കോടതി വിധിയിൽ കൂടിയും പാത്രിയർക്കീസ് - കാതോലിക്കാ ബാവാമാരുടെ പരസ്പരസ്വീകരണത്തോടു കൂടിയും 1912ൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യ കാതോലിക്കേറ്റിന് മലങ്കരയിൽ സാർവർത്രിക അംഗീകാരം ലഭിച്ചു. 1964ൽ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിലെ നാലാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണശുശ്രൂഷയിൽ മുഖ്യ കാർമികനായതോടെ ആ വിഷയം തീർന്നു. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനായിരുന്നുവെന്നും അതുകൊണ്ട് അദ്ദേഹം നടത്തിയ കാതോലിക്കാ സ്ഥാനാരോഹണം അസാധുവാണെന്നും ഇനിയും വാദിക്കുന്നതിന്റെ ന്യായം ഇതോടെ നഷ്ടപ്പെട്ടിരിക്കുകയാണ്.

1934ലെ ഭരണഘടന 1958ൽ അന്നത്തെ പാത്രിയർക്കീസ് കക്ഷിയെ അടിച്ചേൽപിച്ചതാണെന്നൊരു വാദമുണ്ട്. പാത്രിയർക്കീസ് കക്ഷിയുടെ ഉന്നതനേതൃത്വം അറിഞ്ഞ് പൂർണ്ണ മനസ്സോടെയാണ് ഭരണഘടന സ്വീകരിച്ചതെന്നും പിന്നീട് ഭിന്നതയ്ക്ക് ഇതൊരു വിഷയമാക്കിയതാണെന്നും പാത്രിയർക്കീസ് ഭാഗത്തെ മുൻ വൈദിക ട്രസ്റ്റി കല്ലൂപ്പറമ്പിൽ ബഹു. വി.എം. ഗീവർഗീസ് അച്ചൻ പറയുന്നു (ജോർജിയൻ മിറർ 2011 ഏപ്രിൽ-ജൂൺ പേജ് 18, 19). *1912 മുതൽ കാതോലിക്കേറ്റ് സ്ഥാപനം (കാതോലിക്കാ സിംഹാസനം) മലങ്കരസഭയിൽ വ്യാപരിച്ചു വരുന്നതായി* ഐക്യസഭ അംഗീകരിച്ച ഈ ഭരണഘടനയിൽ (വകുപ്പ് 99) തന്നെ പറയുന്നുണ്ട്. ഈ ഭരണഘടനയനുസരിച്ച് മലങ്കരസഭ, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗമാണ് (Division); ഭാഗം (Part) അല്ല. *ഭാഗം, വിഭാഗം* എന്നീ പദങ്ങളുടെ അർത്ഥം വ്യത്യസ്തമാണ്.

ചുരുക്കത്തിൽ ഈ മൂന്നു വിഷയങ്ങളും പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ തീർന്നതാണ്. ഈ വാദങ്ങൾ വീണ്ടും സജീവമായി നിലനിർത്തുന്നത് അജ്ഞത കൊണ്ടാണോ വിശ്വാസികളെ മനഃപ്പൂർവം തെറ്റിദ്ധരിപ്പിക്കാനാണോ എന്ന് അറിയില്ല. 1958ലെ യോജിപ്പോടെയും 1964ലെ കാതോലിക്കാ സ്ഥാനാരോഹണത്തോടെയും അവസാനിച്ച വിവാദങ്ങൾ വീണ്ടും ഉന്നയിച്ച് ഐക്യത്തിനു തടസ്സമുണ്ടാക്കുന്നത് ശരിയായ നടപടിയല്ല.

മാർതോമ്മാ ശ്ലീഹായുടെ പട്ടത്വം, മാർതോമ്മാ സിഹാസന വാദം, ആകമാന സുറിയാനിസഭാ വാദം, പാത്രിയർക്കീസ്-കാതോലിക്കാ സമത്വ വാദം, ഡെലിഗേറ്റ് നിയമനവും പുറത്താക്കലും തുടങ്ങിയ വിഷയങ്ങളാണ് 1970കളിലെ പിളർപ്പിന് കാരണമായി പറയുന്നത്. ഇവയും കഴമ്പില്ലാത്ത കാര്യങ്ങളാണ്. മാർതോമ്മാ ശ്ലീഹായുടെ പട്ടത്വത്തെ പറ്റി പ. യാക്കോബ് തൃതീയൻ ബാവായുടെ (203/1970) കൽപനയിലെ ആശയങ്ങളുടെ വിപരീതദിശയിലാണ് പ. സക്കാ ബാവാ പിൽക്കാലത്തു സ്വീകരിച്ച നടപടികൾ. മാർതോമ്മാ ശ്ലീഹായുടെ നാമം നാലാം തുബ്ദേനിൽ ചേർത്തുകൊണ്ട് (കൽപന ഇ 265/1987) മുൻഗാമിയുടെ നടപടി പരോക്ഷമായി തിരുത്തി അനുകരണീയമായ മാതൃക അദ്ദേഹം കാണിച്ചുതന്നു. അതുകൊണ്ട് പട്ടത്വവിവാദം ഒരു താൽക്കാലിക പ്രതിഭാസമായി

പരിണമിച്ചിരിക്കുകയാണ്.

മലങ്കര സഭാചരിത്രത്തിൽ മാർതോമ്മാ ശ്ലീഹായുടെ സിഹാസനം എന്ന പ്രയോഗമുണ്ടെന്നുള്ളതും ക്രൈസ്തവലോകത്ത് പല തലവന്മാരും ഇത്തരം സ്ഥാനനാമങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നുള്ളതും സിംഹാസനവിരുദ്ധ വാദത്തിന്റെ ശക്തി കുറച്ചിട്ടുണ്ട്. കോപ്റ്റിക് പാത്രിയർക്കീസ് സുവിശേഷകായ വി. മർക്കോസിന്റെ സിംഹാസനവും (Pope of Alexandria and Patriarch of the See of St Mark) അർമേനിയൻ സഭയിൽ സുപ്രിം കാതോലിക്കോസിന്റെ കീഴ്സ്ഥാനി മാത്രമായ ജറുസലേമിലെ അർമേനിയൻ പാത്രിയർക്കീസ് യേശുക്രിസ്തുവിന്റെ സഹോദരനായ വി. യാക്കോബ് ശ്ലീഹായുടെ സിംഹാസനവും (Patriarch of the Apostolic Throne of St James) അവകാശപ്പെടുന്നു. മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന പ്രയോഗം പ. യാക്കോബ് തൃതീയൻ ബാവായുടെയും (ഇന്ത്യയിലെ സുറിയാനി സഭാചരിത്രം, 2011, പേജ് 395) ഇ.എം. ഫിലിപ്പിന്റെയും (മാർതോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ, 1977 പേജ് 295) ഉൾപ്പെടെ പല സഭാചരിത്രഗ്രന്ഥങ്ങളിലും കാണാം. ഇതൊക്കെയാണെങ്കിലും മാർതോമ്മാ സിംഹാസന വിവാദം മലങ്കരസഭയെ ഭിന്നിപ്പിക്കുന്നതിന് കാരണമാക്കേണ്ട ഗൗരവമായ ഒരു വിഷയമായി തോന്നുന്നില്ല. ആകമാന/ആഗോള സുറിയാനിസഭ എന്നത് ഒരു പുതിയ ആശയമായി തോന്നുന്നു. അതും ഭിന്നിപ്പിന് കാരണമാക്കേണ്ട ഒരു വിഷയമല്ല.

മലങ്കരസഭ 1948-ൽ സഭകളുടെ ലോകകൗൺസിൽ അംഗത്വം നേടിയതും 1965-ൽ ആഡിസ് അബാബയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാ സമ്മേളനത്തിൽ സംബന്ധിച്ചതും സ്വതന്ത്രസഭ എന്ന നിലയിലാണ്. മലങ്കര സഭ യോജിച്ചു നിന്ന കാലത്ത് 1965ൽ ആഡിസ് അബാബായിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനത്തിൽ അഞ്ച് സഭകളിൽ നിന്ന് പാത്രിയർക്കീസുമാരും കാതോലിക്കാമാരുമായി എട്ട് സഭാദ്ധ്യക്ഷന്മാർ സംബന്ധിച്ചിരുന്നു. അദ്ധ്യക്ഷവേദിയിലിരുന്ന ആറു പേരിൽ രണ്ടാം സ്ഥാനം അന്ത്യോഖ്യാ (സിറിയൻ) പാത്രിയർക്കീസിനും അഞ്ചാം സ്ഥാനം പൗരസ്ത്യ (മലങ്കര) കാതോലിക്കായ്ക്കും ആയിരുന്നു. ഒന്നും ആറും സ്ഥാനങ്ങൾ അലക്സന്ത്രിയാ (കോപ്റ്റിക്) - എത്യോപ്യൻ പാത്രിയർക്കീസുമാർക്കും മൂന്നും നാലും സ്ഥാനങ്ങൾ അർമേനിയൻ (എച്മിയാഡ്സിൻ, ആന്റിലിയാസ്) കാതോലിക്കാമാർക്കുമായിരുന്നു. അർമേനിയൻ (എച്മിയാഡ്സിൻ) സുപ്രിം കാതോലിക്കായുടെ കീഴ്സ്ഥാനികളായ രണ്ടു പാത്രിയർക്കീസുമാർക്ക് (ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ) അദ്ധ്യക്ഷവേദിയിൽ സ്ഥാനമില്ലായിരുന്നു. പൗരസ്ത്യ കാതോലിക്കാ, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയാണെങ്കിൽ അർമേനിയൻ പാത്രിയർക്കീസുമാരെപ്പോലെ അദ്ധ്യക്ഷവേദിയിൽ സ്ഥാനം ലഭിക്കുകയില്ലായിരുന്നു. പഴയ റോമാ സാമ്രാജ്യത്തിലെ അഞ്ചു പാത്രിയർക്കേറ്റുകളുടെ സ്ഥാനക്രമമനുസരിച്ചാണ് അലക്സന്ത്രിയായ്ക്കും അന്ത്യോഖ്യായ്ക്കും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചത്. മറ്റു സഭകളുടെ തലവന്മാർക്ക് അവരവരുടെ പാത്രിയർക്കേറ്റ്/കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ട കാലക്രമത്തിലും സ്ഥാനം ലഭിച്ചു.

മലങ്കര സഭ യോജിച്ചു നിന്ന സുവർണ കാലഘട്ടത്തിൽ (1958 - 1975) പൗരസ്ത്യ കാതോലിക്കായെ *മോറാൻ* എന്നും *പരിശുദ്ധ* എന്നും തന്നെയാണ് സംബോധന ചെയ്തിരുന്നത്. 1967ൽ പ. ഔഗേൻ ബാവാ വി. മൂറോൻ കൂദാശ ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസിനെ സമന്മാരിൽ മുമ്പൻ (First among equals) ആയിട്ടാണ് അന്നു കരുതിയിരുന്നത്. അതായത് ജ്യേഷ്ഠ സഹോദരന്റെ സ്ഥാനം. ഇന്ന് യാക്കോബായ വിഭാഗം, ശ്രേഷ്ഠ കാതോലിക്കായുടെ പിതാവിന്റെ സ്ഥാനത്താണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ കാണുന്നത്. അർമേനിയൻ സഭയിൽ കാതോലിക്കോസിന്റെ കീഴ്സ്ഥാനിയാണ് പാത്രിയർക്കിസ് എന്ന വസ്തുതയും ശ്രദ്ധേയമാണ്.

പാത്രിയാർക്കൽ ഡെലിഗേറ്റായി നിയമിക്കപ്പെട്ട മാർ തീമോത്തിയോസ് അപ്രേം ആബൂദി മെത്രാപ്പോലീത്തായെ 1973ൽ ഇന്ത്യയിൽ നിന്ന് പുറത്താക്കിയതിനെ വിമർശിക്കുന്നവർ അപ്രകാരം ഒരു ഡെലിഗേറ്റിനെ ഇപ്പോൾ അയച്ചാൽ ഇപ്പോഴത്തെ യാക്കോബായ വിഭാഗത്തിന്റെ പ്രതികരണം എന്തായിരിക്കും എന്നു കൂടി ചിന്തിക്കേണ്ടതാണ്. ഡെലിഗേറ്റിനെ പുറത്താക്കാൻ ആദ്യം ഹർജി കൊടുത്തത് സ്വന്തം കക്ഷിക്കാർ തന്നെയാണെന്നാണ് പുതിയ കണ്ടെത്തൽ. (കടപ്പാട് : ഡോ. ഡി. ബാബു പോൾ, ക്നാനായ ദീപം 2011 ജൂൺ പേജ് 13).

കൽദായസഭ ഭിന്നിച്ചു നിന്ന കാലത്ത് ബാവാകക്ഷിയുടെ തലവനായ മാർ ദിൻഹാ പാത്രിയർക്കീസ് 1991ൽ കേരളത്തിലെത്തിയപ്പോൾ ആ സഭയിലെ മെത്രാൻ കക്ഷി അവരുടെ ആസ്ഥാനത്ത് അദ്ദേഹത്തിന് സ്വീകരണം നൽകി. അത് ഇരുകക്ഷികളിലും ഐക്യപ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. അതേ സമയം പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ നാലു പ്രാവശ്യം (1982, 2000, 2004, 2008) മലങ്കര സന്ദർശിച്ചപ്പോഴും കക്ഷിവഴക്കിന് ശക്തി കൂട്ടാനാണ് ഇരു വിഭാഗങ്ങളും ശ്രമിച്ചത്.

കൽദായ സഭയിലെ ഭിന്നത നിർഭാഗ്യകരമായി ഇരു കക്ഷികളും കണ്ടിരുന്നു. അവിടെ ഒരിക്കലും വിഭജന വാദമുണ്ടായിട്ടില്ല. മലങ്കര സഭയിലെ 1911 - 1958 കാലത്തെ ഭിന്നിപ്പും നിർഭാഗ്യകരമായി ഇരു കക്ഷികളും അവയുടെ പിതാക്കന്മാരും കണ്ടിരുന്നു. ഇക്കാലത്തും വിഭജന വാദമില്ലായിരുന്നു. സ്വന്തം നിലപാട് മറുകക്ഷിയെക്കൊണ്ട് അംഗീകരിപ്പിക്കണമെന്നു മാത്രമേ അന്നുള്ളവർ ആഗ്രഹിച്ചുള്ളൂ. എന്നാൽ ഇപ്പോഴത്തെ ഭിന്നത പലർക്കും സ്ഥാനമാനങ്ങളും സൗഭാഗ്യങ്ങളും നേടിക്കൊടുത്തു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് വിഭജനവാദമുന്നയിക്കുന്നത്. കൽദായ സഭയിൽ പിളർപ്പും കടുത്ത വ്യവഹാരവും പരസ്പര മുടക്കും ഉണ്ടായിരുന്ന കാലത്തും ഇരുഭാഗത്തെയും ഐക്യവാദികൾ ചേർന്ന് യോജിപ്പിനായി ശ്രമം നടത്തിയിരുന്നു. മെത്രാന്മാർ പരസ്പരം സന്ദർശനങ്ങൾ നടത്തുകയും ഔപചാരികവും അനൗപചാരികവുമായ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. മലങ്കരസഭയിൽ ചില സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യമായ ചലനം സൃഷ്ടിച്ചിട്ടുള്ളതായി കാണുന്നില്ല. ഐക്യവാദികളെ മറുകക്ഷിയുടെ ഏജന്റുമാരായി മുദ്രയടിച്ച് ഒറ്റപ്പെടുത്തുന്ന സംസ്കാരമാണ് മലങ്കരസഭയിലുള്ളത്.

സമീപഭാവിയിലല്ലെങ്കിൽ വിദൂര ഭാവിയിലെങ്കിലും മലങ്കരസഭയിൽ യോജിപ്പുണ്ടാകുമെന്ന പ്രതീക്ഷ വച്ചു പുലർത്തുന്നവരുണ്ട്. അതുകൊണ്ട് യോജിപ്പിനുള്ള വാതിലുകൾ ഒരിക്കലും അടയ്ക്കരുത്. തുബ്ദേൻ-ലുത്തിനിയാകളിൽ നിന്നും സഭാഭരണഘടനയിൽ നിന്നും അന്ത്യോഖ്യാ പാത്രിയർക്കീസിനെ നീക്കം ചെയ്യരുത്. പൗരസ്ത്യ കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാരെ വാഴിച്ച് പ്രകോപനമുണ്ടാക്കരുത്. (അർമേനിയൻ സഭയിലെ സാഹചര്യം വ്യത്യസ്തമാണ്). അതുപോലെ മലങ്കര സഭയുടെ പേരോ സഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ സ്ഥാനപ്പേരോ പരിഷ്കരിക്കുന്നതിനു (ഇന്ത്യൻ പാത്രിയർക്കീസ് ?) ശ്രമിക്കരുത്. ഇരു വിഭാഗവും കുറെക്കാലത്തേക്ക് മെത്രാന്മാരെ വാഴിക്കരുത്. കക്ഷികൾക്കു നേതൃത്വം കൊടുത്ത പിതാക്കന്മാരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന പ്രവണത ഉപേക്ഷിക്കണം.

ഇന്നത്തെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പഴയ മെത്രാൻ കക്ഷി (1911 – 1958) മാത്രമാണ് എന്ന നിലപാട് ഉപേക്ഷിക്കണം. 1958ലെ യോജിപ്പോടെ പഴയ പാത്രിയർക്കീസ് കക്ഷിയിൽ അന്നു ജീവിച്ചിരുന്നവരും കക്ഷിവഴക്കിന്റെ സമയത്ത് വാങ്ങിപ്പോയവരും മലങ്കരസഭയുടെ ഭാഗമായിത്തീർന്നു എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഈ കാലഘട്ടത്തിൽ ഇരു കക്ഷികളിലും മേലദ്ധ്യന്മാരായിരുന്ന പിതാക്കന്മാരെ (ഉദാ:- മിഖായേൽ മാർ ദിവന്നാസിയോസ്, പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താമാർ) മലങ്കര സഭയുടെ പൊതുപിതാക്കന്മാരായി കാണണം. 1942, 1958, 2002 വർഷങ്ങളിൽ നടന്ന സഭായോജിപ്പിലൂടെ പഴയ ബാവാകക്ഷിയിലും പാത്രിയർക്കീസ് കക്ഷിയിലും ഉൾപ്പെട്ടിരുന്ന അനേകർ ഈ സഭയുടെ ഭാഗമായി. പഴയ മെത്രാൻ കക്ഷിയുടെ ദുരാത്മാവ് ഓർത്തഡോക്സ് സഭയിലെ ചിലരെയെങ്കിലും ബാധിച്ചിട്ടില്ലേ പലപ്പോഴും തോന്നിയിട്ടുണ്ട്. യോജിച്ച സഭയിൽ 1960കളിൽ മുൻ പാത്രിയർക്കീസ് വിഭാഗത്തെ അവഗണിച്ചിരുന്നു എന്നുള്ള ആരോപണം ഇപ്പോഴും ശക്തമായി നിലനിൽക്കുന്നുണ്ട്.

മലങ്കരസഭയുടെ ഐക്യം പ. സക്കാ ബാവാ ആഗ്രഹിച്ചിരുന്നു; ഇപ്പോഴും അദ്ദേഹം വ്യക്തിപരമായി ആഗ്രഹിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് ശ്രേഷ്ഠ കാതോലിക്കായ്ക്ക് Catholicos of the East എന്ന സ്ഥാനത്തിനു പകരം Catholicos of the Jacobite Syrian Christian Church in India എന്ന സ്ഥാനം നൽകിയത് എന്നാണ് പാത്രിയർക്കീസ് ഭാഗത്തെ ഐക്യകാംക്ഷികളുടെ വാദം. ഇത് നിയമപ്രശ്നത്തിൽ നിന്നും വ്യവഹാരത്തിൽ നിന്നും രക്ഷപെടാനുള്ള കൗശലം ആണെന്നും അതല്ല മുകളിൽ പറയുന്ന കാരണങ്ങളുടെ മറവിൽ ശ്രേഷ്ഠ ബാവായെ ഒതുക്കാനാണെന്നും വ്യാഖ്യാനിക്കുന്നവരുമുണ്ട്.

Patriarch of Antioch and all the East എന്നത് അന്ത്യോഖ്യാ പാത്രിയർക്കീസുമാർ നാലാം നൂറ്റാണ്ടു മുതൽ ഉപയോഗിക്കുന്ന സ്ഥാനപ്പേരാണ്. ഇതിനെ ഓർത്തഡോക്സുകാർ ഭയപ്പെടേണ്ടതില്ല. പഴയ റോമാ സാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിലെ കിഴക്കൻ പ്രദേശത്തുള്ള സഭയുടെ ഭരണമാണ് അന്ത്യോഖ്യാ പാത്രിയർക്കീസിനുണ്ടായിരുന്നത്. Levant എന്നു കൂടി അറിയപ്പെടുന്ന ഈ പ്രദേശത്ത് ഇന്ത്യയും ചൈനയും ഉൾപ്പെടുന്നില്ല. അന്ത്യോഖ്യായിലെ മറ്റു പാത്രിയർക്കീസുമാരും ഇതേ സ്ഥാനപ്പേരാണ് ഉപയോഗിക്കുന്നത്. റോമാ സാമ്രാജ്യത്തിൻ അഞ്ചു പാത്രിയർക്കേറ്റുകളും സാമ്രാജ്യത്തിനു പുറത്ത് നാല് കാതോലിക്കേറ്റുകളും (പൗരസ്ത്യ, അർമേനിയൻ, ജോർജിയൻ, അൽബേനിയൻ) ആണ് നാലും അഞ്ചും നൂറ്റാണ്ടുകളിൽ രൂപമെടുത്തത്. ഇവയെല്ലാം സ്വതന്ത്രമായിരുന്നു.

സുറിയാനി ആരാധനക്രമം ഉപയോഗിക്കുന്ന സഭ എന്ന നിലയിൽ മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലാകുമെങ്കിൽ അഞ്ച് കത്തോലിക്കാ റീത്തുകളും മാർതോമ്മാ സഭയും ഉൾപ്പെടെ പത്തു സുറിയാനി സഭകൾ അങ്ങനെയാകേണ്ടതായി വരും. അന്ത്യോഖ്യായിലെ മറ്റ് (ഗ്രീക്ക് ഓർത്തഡോക്സ, ഗ്രീക്ക് കത്തോലിക്കാ, സുറിയാനി കത്തോലിക്കാ, മാരോനൈറ്റ് കത്തോലിക്കാ) പാത്രിയർക്കീസുമാർ സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കീസിനു കീഴിലാകുമോ? ആ നിലയ്ക്ക് ആകമാന/ആഗോള സുറിയാനിസഭയുടെ അർത്ഥമെന്താണ്? വിവിധ ആരാധനാക്രമങ്ങളിൽ നിന്ന് പല അംശങ്ങളും അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) ആരാധനാക്രമം കടം കൊണ്ടിട്ടുണ്ട്. അന്ത്യോഖ്യാ പാത്രിയർക്കീസ് വി. പത്രോസ് ശ്ലീഹായുടെ പിൻഗാമിയായതിനാൽ സകല സഭാമേലദ്ധ്യക്ഷന്മാരും അദ്ദേഹത്തിന്റെ കീഴിലായിരിക്കണം എന്നൊരു അന്ധവിശ്വാസം ചിലർക്കെങ്കിലുമുണ്ട്. കൃപയുടെ ഉറവിടം അന്ത്യോഖ്യായാണെന്ന് ഇവർ പഠിപ്പിക്കുന്നു. ലോകത്ത് മറ്റൊരു ഓർത്തഡോക്സ് സഭയും ഇത് അംഗീകരിക്കുന്നില്ല.

സഭായോജിപ്പിനു തടസ്സമായി പറയുന്ന ഒരു കാരണം മെത്രാന്മാരുടെ ബാഹുല്യമാണ്. മെത്രാസനങ്ങൾക്കു വേണ്ടി മെത്രാന്മാരെ വാഴിക്കുന്നതിനു പകരം മെത്രാന്മാർക്കു വേണ്ടി മെത്രാസനമുണ്ടാക്കിയതാണ് കുഴപ്പമായത്. മെത്രാന്മാരുടെ എണ്ണം വളരെ കൂടുതലാണെങ്കിലും (34 + 28 = 62) അവരെ ഉൾക്കൊള്ളാനുള്ള വിഭവശേഷി മലങ്കരസഭയ്ക്കുണ്ട്. വ്യവഹാരത്തിനുവേണ്ടി ചെലവഴിക്കുന്ന പണത്തിന്റെ പകുതി പോലും അവരെ ഉൾക്കൊള്ളുന്നതിന് ആവശ്യമായി വരികയില്ല.

തങ്ങളുടെ സഹകരണമില്ലാതെ വാഴിക്കപ്പെട്ട ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസിനെ അംഗീകരിക്കാനാവില്ല എന്ന ഓർത്തഡോക്സ് നിലപാടും അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴിക്കാത്ത പൗരസ്ത്യ കാതോലിക്കായെ അംഗീകരിക്കാനാവില്ല എന്ന യാക്കോബായ നിലപാടും ബാലിശമാണ്. പരസ്പര ബന്ധമില്ലാത്തപ്പോൾ പ്രധാന മേലദ്ധ്യക്ഷനെ സ്വയമായി അവരോധിക്കാൻ ഓരോ സഭയ്ക്കും ഭരണഘടനാപരമായ സ്വാതന്ത്ര്യമുണ്ട്. മാത്രമല്ല, തങ്ങൾ അംഗീകരിക്കുന്ന ശ്രേഷ്ഠ കാതോലിക്കായുടെ (മാർ പൗലോസ് ദ്വിതീയൻ) കാർമ്മികത്വത്തിലാണ് 1980ൽ ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ വാഴിക്കപ്പെട്ടത്. (ഇതിനെ പറ്റി മറ്റു ചില വാദങ്ങൾ ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല)

അന്ത്യോഖ്യൻ-മലങ്കര ബന്ധത്തിന് എന്തു പഴക്കമുണ്ട് എന്നുള്ളത് സഭായോജിപ്പിനു തടസ്സമാക്കേണ്ട വിഷയ

മല്ല. ബന്ധത്തിന്റെ തുടക്കം എഡി 52, 345, 1665, 1876 തുടങ്ങിയ വർഷങ്ങളിലേതായാലും അതു വിശ്വാസത്തിന്റെ കാര്യമല്ല. അക്കാദമിക് തലത്തിൽ മാത്രം ചർച്ച ചെയ്യേണ്ട സഭാചരിത്രവിഷയം മാത്രമാണിത്. തിരുവല്ലായിൽ 1998 ഫെബ്രുവരി 22 ഞായറാഴ്ച നടന്ന പാത്രിയർക്കാദിനാഘോഷ സമ്മേളനത്തിൽ സുറിയാനി സഭയുടെ ഈസ്താംബുൾ ആർച്ചുബിഷപ്പ് മാർ ഫീലക്സീനോസ് ജോസഫ് സെറ്റിൻ സുറിയാനിയിൽ നടത്തിയ പ്രസംഗം ബെന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ കേട്ടതുപോലെ *മാർതോമ്മാ ശ്ലീഹായെ മലങ്കരയിലേക്ക് അയച്ചത് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനമാകുന്നു* എന്നു വിശ്വസിച്ചാലും ഇല്ലെങ്കിലും രക്ഷയുടെ മാർഗത്തിന് അതു തടസ്സമല്ല. മലങ്കര സഭ അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിലായിരുന്നോ, ആയിരുന്നെങ്കിൽ എന്നു മുതൽ എന്നുള്ളതൊക്കെ ഗവേഷണം നടത്തി കണ്ടുപിടിക്കാവുന്നതേയുള്ളൂ.

ഒരു കൂട്ടർ മറ്റേ കൂട്ടരെ മുടക്കപ്പെട്ടവരായി ചിത്രീകരിക്കാറുണ്ടല്ലോ. എന്നാൽ ചില പള്ളികളിൽ ഇരു വിഭാഗങ്ങളിലെയും വൈദികർ ഒരുമിച്ച് വി. കുർബാന അർപ്പിക്കാറുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളായ കോതമംഗലം (ചെറിയ)-പരുമല സെമിനാരി പള്ളികളിൽ മറുകക്ഷിയിൽ പെട്ട ശിശുക്കളെ മാമോദീസാ മുക്കാറുണ്ട്. പ. പാത്രിയർക്കീസ് ബാവായെ സന്ദർശിക്കുന്ന മറുകക്ഷിക്കാരായ മേൽപട്ടക്കാരെയും പട്ടക്കാരെയും അദ്ദേഹം സ്ഥാനോചിതമായി സ്വീകരിക്കാറുണ്ട്; ഒരുമിച്ചു പ്രാർത്ഥിക്കാറുണ്ട്. സുറിയാനി സഭയിലെ മേൽപട്ടക്കാർ മലങ്കര സഭയുടെ ദേവാലയങ്ങളിൽ വന്ന് വി. കുർബാനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്ത സംഭവങ്ങളുണ്ട്. കോട്ടയം മെത്രാസനത്തിൽ ഇരുവിഭാഗം വൈദികരും പരമാവധി സഹകരിക്കുന്നതും കാണാം. വിവാഹക്കമ്പോളത്തിൽ ആർക്കും ഉപരോധമില്ല. അപ്പോൾ മുടക്ക് എന്നത് ഉടക്കിനുള്ള ന്യായം മാത്രമാണ്. എന്നാൽ ഓർത്തഡോക്സ് വധുക്കളെ മൂറോൻ പൂശി മാത്രം യാക്കോബായ വരൻമാരെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്ന അകാനോനിക നടപടികൾ ചില സ്ഥലങ്ങളിൽ നടക്കുന്നതായി അറിയുന്നു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മാമോദീസാ-വിവാഹം-ശവസംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുന്ന മറുകക്ഷി വൈദികരെയും അവരുടെ പൗരോഹിത്യത്തെയും അപമാനിക്കുന്ന നീചമായ നടപടികൾ ചില പ്രദേശങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ പ. സക്കാ ബാവായുടെ ഇ 175/1995 നമ്പർ കൽപനയുടെ അന്തസത്ത അനുസരിച്ച് ഓർത്തഡോക്സ് വിഭാഗത്തെ മുടക്കപ്പെട്ടവരായി അദ്ദേഹം കരുതുന്നില്ല.

മലങ്കരസഭയുടെ പ്രശ്നങ്ങൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസുമാരെ മാത്രം കുറ്റപ്പെടുത്താനാവുമോ ? നമുക്കിടയിലുള്ള വഴക്കിൽ അനാവശ്യമായി അവരെ ഇടപെടുത്തിയതല്ലേ ? ഇപ്പോഴത്തെ ഭിന്നിപ്പിന് പ. സക്കാ ബാവായെ മാത്രം കുറ്റപ്പെടുത്താനാവുമോ ? 1996 സെപ്റ്റംബർ ഒന്നിന് കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായ്ക്കു പകരം ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെ വാഴിക്കുന്നതിന് അദ്ദേഹം 2002 ജൂലൈ 26 വരെ (ആറു വർഷം) കാത്തിരുന്നത് എന്തിനായിരുന്നു ?

ഈ അവസരത്തിൽ തിരിച്ചറിവുണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. പലരും കരുതുന്നതുപോലെ പള്ളികളും സ്വത്തും വീതം വച്ചു പിരിയേണ്ട യാതൊരു സാഹചര്യവുമില്ല. മനുഷ്യന് താമസിക്കാനും കൃഷി ചെയ്യാനും സ്ഥലമില്ലാത്ത ഈ കാലഘട്ടത്തിൽ പുതിയ ആയിരം പള്ളികളും സെമിത്തേരികളും പാരിഷ് ഹാളുകളും പാർക്കിംഗ് ഏരിയാകളും ഉണ്ടാകേണ്ട ഒരു കാര്യവുമില്ല. സഹോദരന്മാർ ഒരുമിച്ചു വസിക്കണം. അതിനുള്ള വിവേകവും ദർശനവും ഉണ്ടാകുന്നതിന് സഭാനേതൃത്വത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

മലങ്കരസഭയിൽ ശാശ്വത സമാധാനമുണ്ടാകണം. അത് ഐക്യത്തിലൂടെ ആയിരിക്കണം. വിഭജനം ശാശ്വത പരിഹാരമല്ല. വിഭജനം വീണ്ടും വിഭജനത്തിലേക്കു നയിക്കും. സുദൃഢവും വ്യവസ്ഥാപിതവും ഭരണഘടനാപരവുമായ അന്ത്യോക്യൻ-മലങ്കര ബന്ധമുണ്ടാകണം. കോപ്റ്റിക്-എത്യോപ്യൻ, കോപ്റ്റിക്-എറിത്രിയൻ സഭകൾ തമ്മിലുള്ള ഉടമ്പടികളുടെ മാതൃകയിൽ ഒരു അന്ത്യോക്യൻ-മലങ്കര ഉടമ്പടിയുണ്ടാകണം. അലക്സന്ത്രിയായിലെ പാത്രിയർക്കീസിന് (കോപ്റ്റിക് പോപ്പ്) ആദരവിന്റെ ഒന്നാം സ്ഥാനം (the first position of honour), എത്യോപ്യൻ-എറിത്രിയൻ സഭകളുടെ പൂർണ സ്വാതന്ത്ര്യം (സ്വയംശീർഷകത്വം) തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തുന്നതാണ് അലക്സന്ത്രിയൻ ഉടമ്പടികൾ (1994, 1998). പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അവകാശങ്ങളും മലങ്കരസഭയുടെ സ്വാതന്ത്ര്യവും ഒരുപോലെ സംരക്ഷിക്കാവുന്ന തരത്തിൽ മലങ്കരസഭയിലെ ഇരുവിഭാഗങ്ങളിലും ഉൾപ്പെട്ട ഏതാനും പേർ ചേർന്നു തയ്യാറാക്കിയ ഒരു നക്കൽ ഉടമ്പടിയും അനുബന്ധ ലേഖനങ്ങളും (http://malankaraorthodoxtv.blogspot.in/2010/06/draft-proposal-for-protocol-between.html) വിശ്വസ്നേഹദർശനം (2010 ജനുവരി-മാർച്ച്) എന്ന പ്രസിദ്ധീകരണത്തിൽ (http://www.marthoman.tv/Sneha_Darsanam/church_unity.pdf) ചേർത്തിരുന്നു. ഇത് പ. ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ, പ. ആറാം കാതോലിക്കാ, പ. ആബൂനാ പൗലോസ് പാത്രിയർക്കീസ് തുടങ്ങിയ സഭാതലവന്മാർക്കും അന്ത്യോക്യൻ സുറിയാനി സഭയിലെ സീനിയർ മെത്രാപ്പോലീത്താമാർക്കും മലങ്കരസഭയിലെ ഇരുകക്ഷികളിലെയും എല്ലാ മെത്രാപ്പോലീത്താമാർക്കും സഭാഭാരവാഹികൾക്കും സമർപ്പിച്ചിട്ടുള്ളതാണ്. പലരും അനുകൂല അഭിപ്രായം പ്രകടിപ്പിച്ചെങ്കിലും മുൻകൈയെടുക്കാൻ ആരുമില്ലാത്തതാണ് പ്രശ്നം. ഇതിനെ പറ്റി പഠിക്കുന്നതിന് ഈ വിഷയത്തിൽ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണം. അതിൽ ഇരുകക്ഷികളിലെയും ഓരോ മെത്രാപ്പോലീത്തായും രണ്ടു വൈദികരും രണ്ടോ മൂന്നോ അത്മേനികളും ഉണ്ടായിരിക്കണം. സഭാഭാരവാഹികളിൽ ഒരാളും ഒരു അഭിഭാഷകനും ഉൾപ്പെടണം. അതിനുശേഷം ആവശ്യമെങ്കിൽ ഏതെങ്കിലും ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്റെ (പ. തെവദ്രോസ് മാർപാപ്പാ/പ. ആറാം കാതോലിക്കാ) മദ്ധ്യസ്ഥതയിൽ ഉഭയകക്ഷി ചർച്ച നടത്തണം. തർക്കവിഷയങ്ങളിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പൊതുവായ നിലപാട് സ്വീകരിക്കുകയാണ് കരണീയം. മലങ്കരയിലെ പ്രശ്നപരിഹാരത്തിന് നേരിട്ടുള്ള ചർച്ച

മതിയാകും. മദ്ധ്യസ്ഥൻ നിർബന്ധമെങ്കിൽ കൽദായ സഭയുടെ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായെ മാത്രം നിയോഗിക്കാവുന്നതാണ്.

1995–ലെ സുപ്രീം കോടതി വിധിയെ തുടർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ 1995 ആഗസ്റ്റ് ഒന്നിനു പുറപ്പെടുവിച്ച കൽപന (ഇ 175/1995)യിൽ നിന്ന് : " ...... മലങ്കരസഭയുടെ ഐക്യവും സമാധാനവും ഭാവിയും നിങ്ങളുടെ കൈകളിലാണ്. നമ്മുടെ കർത്താവിന് ഫലപ്രദമായി സാക്ഷ്യം വഹിക്കുന്നതിലേക്കായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം ശ്ലൈഹികവാഴ്‌വ് വാഗ്ദാനം ചെയ്യുന്നു. പുത്രൻ സത്യമായി പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന് ലോകം വിശ്വസിക്കുന്നതിലേക്ക് താനും പിതാവും ഒന്നായിരിക്കുന്നതു പോലെ തന്റെ ശിഷ്യന്മാരും ഒന്നായിരിക്കണമെന്നത്രെ നമ്മുടെ കർത്താവ് ആഗ്രഹിച്ചത്. മനുഷ്യാവതാരത്തിനെതിരായ ഏറ്റവും മോശപ്പെട്ട സാക്ഷ്യം  വിഭക്തമായ സഭയാണ് എന്നർത്ഥം. തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായ കർത്താവിന്റെ അങ്കിയായിരിക്കണം സഭ. സൗഖ്യം പ്രാപിക്കാത്ത കുഷ്ഠരോഗികളുടെ കീറിപ്പറിഞ്ഞ ഉടയാട ആയിരിക്കേണ്ടതല്ല അത്. ആദ്യം ഓരോ വിഭാഗത്തിലും ആഭ്യന്തരമായും പിന്നീട് വിവിധ വിഭാഗങ്ങൾ തമ്മിൽ തമ്മിലും ഉള്ള അനുരഞ്ജനം ആയിരിക്കണം എല്ലാ ക്രൈസ്തവരുടെയും ആത്യന്തിക ലക്ഷ്യമെന്ന് നാം വിശ്വസിക്കുന്നു......  മലങ്കരയിൽ ക്രിസ്തീയ സാക്ഷ്യം വിഫലമാക്കുന്ന ഇപ്പോഴത്തെ ഈ വിഭജനം അവസാനിപ്പിക്കുന്നതിനായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം നന്മ നേരുന്നു......"

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് സുപ്രീം കോടതി ശരിവച്ചതിനെ തുടർന്ന് 2002 ജൂലൈ 16ന് പുറപ്പെടുവിച്ച കൽപന (117/2002) യിൽ നിന്ന്  " ...... വ്യവഹാരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും സങ്കുചിതമായ താൽപര്യങ്ങളിൽ നിന്നും നാം ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് മുഖം തിരിക്കണം......... കക്ഷിപിരിവുകളും തെറ്റിദ്ധാരണയും നിലനിന്ന കാലത്ത് വാക്കും പ്രവൃത്തിയും ചിന്തയും മൂലം പരസ്പരം ഉണ്ടാക്കിയ മുറിവുകളെ നമുക്ക് സുഖപ്പെടുത്താം. അപ്രകാരം സഭയിൽ പരസ്പരം വന്നു പോയിട്ടുള്ള തെറ്റുകുറ്റങ്ങൾക്ക് നിങ്ങളുടെ ആത്മീയപിതാവായ ബലഹീനനായ നാം ക്ഷമ ചോദിക്കുന്നു ....."

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെയും പരിശുദ്ധ കാതോലിക്കാ ബാവായുടെയും കൽപനകളുടെ ഏതാനും ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടും അവയുടെ സന്ദേശം ഉൾക്കൊണ്ട് മലങ്കരസഭയിൽ യോജിപ്പുണ്ടാക്കുന്നതിന് ആഹ്വാനം ചെയ്തുകൊണ്ടും ഈ ലേഖനം അവസാനിപ്പിക്കുന്നു.

(ഈ ലേഖനത്തിലെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ലേഖകന്റെ സ്വന്തമാണ്. സഭയുടെയോ ജോർജിയൻ മിററിന്റെയോ നിലപാടുകളുമായി ഇവയിൽ പലതും പൊരുത്തപ്പെട്ടില്ലെന്നു വരാം).